11206
2/6/18

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - സർക്കാർ ദേശീയോദ്യാനമായി പ്രഖ്യാപിച്ച മതികെട്ടാൻചോല നാഷണൽ പാർക്കിൽ ഉൾപ്പെടുന്ന 17.5 ഏക്കർ ഭൂമിയുടെ അവകാശവാദം ഉന്നയിച്ച് ശ്രീ.ബാബു ജോസഫ് മുതൽ പേർ ബഹു.കട്ടപ്പന സബ് കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.എസ്.223/2010 നമ്പർ കേസ്സ്- ശ്രീ.എൻ.സി.ഇന്ദുചൂഡൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറി (റിട്ട) നെതിരായ അച്ചടക്ക നടപടി - കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 192/2018/വനം തീയതി, തിരുവനന്തപുരം, 25.04.2018

പരാമർശം :-

1. 25.03.2013 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഡബ്ല്യൂ.എൽ.3-3140/11 നമ്പർ റിപ്പോർട്ട്.
2. 02.12.2015 ലെ 12344/എ 1/2014/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. 20.07.2017 തീയതിയായി ശ്രീ.എൻ.സി.ഇന്ദുചൂഡൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) സമർപ്പിച്ച വിശദീകരണം.
4. 06.12.2017, 12.12.2017 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി8-38633/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

സർക്കാർ ദേശീയോദ്യാനമായി പ്രഖ്യാപിച്ച മതികെട്ടാൻചോല നാഷണൽ പാർക്കിൽ ഉൾപ്പെടുന്ന 17.5 ഏക്കർ ഭൂമിയുടെ അവകാശവാദം ഉന്നയിച്ച് ശ്രീ.ബാബുജോസഫ്, നെടുങ്കനേൽ ഹൗസ്, രാമപുരം, ശ്രീ.മനോജ് ജോർജ്ജ്, പുതിയത്ത് ഹൗസ്, തടിനാട് പി.ഒ., കോട്ടയം, ശ്രീ.റൂബി മാത്യു, കുഴിത്തോട് ഹൗസ്, തടിനാട് പി.ഒ., കോട്ടയം, ശ്രീ.മനോജ്.സി.തോമസ്, ചെവ്വാട്ടുകുന്നേൽ ഹൗസ്, മൂന്നിലാവ് പി.ഒ., കോട്ടയം എന്നിവർ ചേർന്ന് ബഹു.കട്ടപ്പന സബ്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.എസ്.223/2010 നമ്പർ കേസ്സിൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് സെക്രട്ടറി, വനം വകുപ്പ് സെക്രട്ടറി, ഫോറസ്റ്റ് കൺസർവേറ്റർ, കോട്ടയം, ഡിവിഷണൽ ഫോറസ്റ്റാഫീസർ, മൂന്നാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ദേവികുളം, റവന്യൂ ഡിവിഷണൽ ഓഫീസർ, ദേവികുളം, തഹസീൽദാർ, ഉടുമ്പഞ്ചോല, ജില്ലാ കളക്ടർ, ഇടുക്കി എന്നിവരെ യഥാക്രമം ഒന്ന് മുതൽ ഒൻപതുവരെ എതിർ കക്ഷികളാക്കിയിരുന്നു. എതിർ കക്ഷികൾക്ക് വേണ്ടി ഒൻപതാം എതിർ കക്ഷിയായ ഇടുക്കി ജില്ലാ കളക്ടർ പ്രതിവാദ പത്രിക ഒപ്പിട്ടു നൽകുകയുണ്ടായി. എന്നാൽ

ഗവൺമെന്റ് പ്ലീഡർ തയ്യാറാക്കി ഒപ്പിനായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റാഫീസറായ ശ്രീ.എൻ.സി.ഇന്ദുചൂഡന് അയച്ചുകൊടുത്ത രേഖാമൂലമുള്ള പത്രിക മറ്റ് എതിർകക്ഷികളുടെ വാദവുമായി യോജിച്ച പോകുവാൻ സാധ്യമല്ല എന്ന അഭിപ്രായത്തോടെ തിരികെ അയച്ചു എന്ന് കട്ടപ്പന അഡീഷണൽ ഗവൺമെന്റ് പ്ലീഡർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിരുന്നു.

2) അഡീഷണൽ ഗവൺമെന്റ് പ്ലീഡറുടെ പ്രസ്തുത ആരോപണം സാധൂകരിക്കുന്നതിനുള്ള രേഖകൾ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ ഫയലിൽ ഇല്ല എന്ന് കണ്ടെത്തിയതായും എന്നാൽ 21.05.2012 ലെ കത്ത് മുഖാന്തിരം ഇടുക്കി ജില്ലാ കളക്ടർ ഒപ്പിട്ട പത്രികയുടെ പകർപ്പും, ടി പത്രികയിലെ വാദങ്ങളല്ലാതെ മറ്റൊന്നും ബോധിപ്പിക്കുവാനില്ല എന്നും പത്രികയിലെ അതേ വാദങ്ങൾ സ്വീകരിക്കുകയാണെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഒരു മെമ്മോയും, ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ ഒപ്പിനായി മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ നൽകിയിരുന്നു എങ്കിലും ടിയാൻ അത് ഒപ്പിട്ട് ഫയൽ ചെയ്യുന്നതിനായി നൽകിയിട്ടില്ല എന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തു. ഇടുക്കി ജില്ലാ കളക്ടർ ബഹു.കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള പത്രികയിലെ വാദമുഖങ്ങൾ തന്നെ ഉൾപ്പെടുത്തി ഒരു പത്രിക 06.11.2012 ൽ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റാഫീസർ അഡീഷണൽ ഗവൺമെന്റ് പ്ലീഡർക്ക് നൽകിയിരുന്നെങ്കിലും അത് കോടതി നടപടിക്രമങ്ങൾ അനുശാസിക്കുന്ന രീതിയിലായിരുന്നില്ല. കേസിനാസ്പദമായ ഭൂമി തന്റെ അധികാര പരിധിയ്ക്കുള്ളിലായിരുന്നില്ല എന്ന കാരണം പറഞ്ഞാണ് ഡിവിഷണൽ ഫോറസ്റ്റാഫീസറായിരുന്ന ടിയാൻ മേൽ പറഞ്ഞ മെമ്മോയിൽ ഒപ്പ് വച്ച് നൽകാതിരുന്നത്. എന്നാൽ പിന്നീട് മറ്റ് എതിർകക്ഷികളുടെ വാദമുഖങ്ങൾക്ക് സമാനമായി നിശ്ചിത രീതിയിലല്ലാത്ത പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തു.

3) മേൽ വിഷയത്തിൽ അന്നത്തെ ഡിവിഷണൽ ഫോറസ്റ്റാഫീ സറായിരുന്ന ശ്രീ.എൻ.സി.ഇന്ദുചൂഡന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ കെ.എസ്.ആർ.ഭാഗം മൂന്ന് റൂൾ 59(ബി) പ്രകാരം കുറവു ചെയ്യുന്നതിന് തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

4) ശ്രീ.എൻ.സി.ഇന്ദുചൂഡൻ കാരണം കാണിക്കൽ നോട്ടീസിന് പരാമർശം പരാമർശം (3) പ്രകാരം വിശദീകരണം സമർപ്പിച്ചു. കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 59 (b) റൂളിംഗ് നം.1(3) പ്രകാരം സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 07.12.2017 ന് നേരിൽ കേട്ടു.

5) 2011 ജൂലൈ മുതൽ 22.11.2012 വരെയുള്ള കാലയളവിലാണ് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയി ജോലി ചെയ്തിരുന്നതെന്നും ഒ.എസ്.223/2010 നമ്പർ കേസിനാസ്പദമായ സ്ഥലം തന്റെ അധികാരപരിധിയിൽ വരുന്നതല്ലെന്നും 04.01.2012-ൽ തന്നെ ഇക്കാര്യം ഗവ.പ്ലീഡറെ അറിയിക്കുകയും യഥാർത്ഥ കസ്റ്റോഡിയനായ മൂന്നാർ വൈൽഡ് ലൈഫ് വാർഡനെ എതിർകക്ഷികളുടെ പട്ടികയിൽ ചേർക്കാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നും ഹിയറിംഗ് വേളയിൽ ശ്രീ.എൻ.സി.ഇന്ദുചൂഡൻ അറിയിച്ചു. ഈ കേസുമായി ബന്ധപ്പെട്ട ഓഫീസ് രേഖകൾ 15.12.2010-ൽ തന്നെ മൂന്നാർ വൈൽഡ് ലൈഫ് വാർഡന് കൈമാറുകയും തുടർനടപടികൾക്കായി ഇക്കാര്യങ്ങൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ (വന്യജീവി വിഭാഗം) അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിനായി മാത്രം എതിർ പത്രിക ഗവൺമെന്റ് പ്ലീഡർക്ക് നൽകിയിട്ടുണ്ട്. അത് കോടതി നടപടിക്രമങ്ങൾ അനുശാസിക്കുന്ന രീതിയിൽ മാറ്റം വരുത്താൻ ഗവൺമെന്റ് പ്ലീഡർക്ക് അധികാരമുണ്ട്. 06.11.2012 ൽ വസ്തുതാ വിവരണ പത്രിക ഗവൺമെന്റ് പ്ലീഡർക്ക് നൽകിയതിനുശേഷം 21.11.2012 ൽ പ്രസ്തുത ഓഫീസിൽ നിന്നും സ്ഥലം മാറി പോകുകയും 2012 നവംബറിൽ തന്നെ വിരമിക്കുകയും ചെയ്തു.

6) ശ്രീ.എൻ.സി.ഇന്ദുചൂഡന്റെ വിശദീകരണങ്ങളിലെ വസ്തുതകൾ പരിഗണിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അഭിപ്രായപ്പെട്ടു.

7) ശ്രീ.എൻ.സി.ഇന്ദുചൂഡന്റെ വിശദീകരണവും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും, ബന്ധപ്പെട്ട ഫയലുകളും വിശദമായി പരിശോധിച്ചു. ഒ.എസ്.223/2010 നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലം മതികെട്ടാൻ ഷോല നാഷണൽ പാർക്കായി പ്രഖ്യാപിച്ച് മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിൽ സംരക്ഷിച്ചു വരുന്ന പ്രദേശമാണ്. ഈ കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും 2010 ൽ തന്നെ മൂന്നാർ വൈൽഡ് ലൈഫ് വാർഡന് കൈമാറിയിട്ടുള്ളതുമാണ്. ശ്രീ.എൻ.സി.ഇന്ദുചൂഡൻ യഥാസമയം ഈ വസ്തുതകൾ ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡറെയും മൂന്നാർ വൈൽഡ് ലൈഫ് വാർഡനെയും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെയും (വന്യജീവി വിഭാഗം) അറിയിച്ചിട്ടുണ്ട്. തന്റെ അധികാര പരിധിയിൽ വരുന്ന സ്ഥലത്തെ സംബന്ധിച്ച വിഷയത്തിൽ വസ്തുതകൾ വ്യക്തമായി വിശകലനം ചെയ്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർതന്നെ എതിർപത്രിക സമർപ്പിക്കേണ്ടതാണെന്ന നിലപാടാണ് ടിയാൻ സ്വീകരിച്ചതെന്നു കാണുന്നു. എന്നിരുന്നാലും സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി വസ്തുതാവിവരണ പത്രിക ഗവൺമെന്റ് പ്ലീഡർക്ക് സമർപ്പിച്ചിട്ടുമുണ്ടായിരുന്നു. സർക്കാർ നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്ത ഈ

വിഷയത്തിൽ ജില്ലാ കളക്ടർ എല്ലാ എതിർകക്ഷികൾക്കുവേണ്ടിയും പ്രതിവാദ പത്രിക കോടതിയിൽ സമർപ്പിച്ചിട്ടുമുണ്ടായിരുന്നു. ഈ വിഷയത്തിലെ എല്ലാ വശങ്ങളും പരിശോധിക്കുമ്പോൾ മനഃപൂർവ്വമായ ഒരു കൃത്യനിർവ്വഹണ വീഴ്ച ശ്രീ.എൻ.സി.ഇന്ദുചൂഡന്റെ ഭാഗത്തു നിന്നും ഉണ്ടായതായി കാണുന്നില്ല.

8) മേൽ സാഹചര്യത്തിൽ ശ്രീ.എൻ.സി.ഇന്ദുചൂഡൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) നെതിരെ പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നാസറുദ്ദീൻ എ.
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.എൻ.സി.ഇന്ദുചൂഡൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ